## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **14.06.2019 ൽ മറുപടിക്ക്**

**ചോദ്യം നമ്പർ : 2345**

### വ്യവസായ സൗഹൃദസംസ്ഥാനമാക്കുന്നതിനുള്ള നിയമം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പാറക്കൽ അബ്ദുല്ല :** | | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കുന്നതിനുള്ള പ്രത്യേക നിയമം നിലവിൽ വന്നിട്ടെത്ര വർഷമായെന്നറിയിക്കുമോ; | (എ) | കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കുന്നതിനുള്ള പ്രത്യേക നിയമമായ കേരള ഇൻവെസ്റ്റ്മെൻറ് പ്രൊമോഷൻ ആൻറ് ഫെസിലിറ്റേഷൻ ആക്ട് 2018 നിലവിൽ വന്നിട്ട് ഒരു വർഷവും രണ്ടു മാസവും ആകുന്നു. |
| ബി) | ഇതിനുശേഷം ഏതെങ്കിലും പുതിയ വ്യവസായ സംരംഭത്തിന് സംസ്ഥാനത്ത് തുടക്കം കുറിക്കാനായിട്ടുണ്ടോ;എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (ബി) | കേരള ഇൻവെസ്റ്റ്മെൻറ് പ്രൊമോഷൻ ആൻറ് ഫെസിലിറ്റേഷൻ ആക്ട് 2018. ലെ അനുകൂല ഘടകങ്ങൾ സംസ്ഥാനത്ത് കാലതാമസമില്ലാതെ വ്യവസായം നടത്തുവാനുള്ള ഒരു സാഹചര്യം സൃഷ്ടിച്ചിട്ടുണ്ട്. ഈ അനുകൂലസാഹചര്യങ്ങൾ ഉപയോഗിച്ച് കേരളത്തിൽ നിലവിലുള്ളതും പുതിയതുമായ നിരവധി സംരംഭങ്ങൾ വിജയകരമായി ഇപ്പോൾ പ്രവർത്തിച്ചു പോരുന്നുണ്ട്.<br><br>MSME മേഖലയിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് കൈകാര്യം ചെയ്യുന്ന മാനേജ്മെന്റ് ഇൻഫർമേഷൻ പ്രകാരമുള്ള കണക്ക് അനുസരിച്ച് 14710 സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | വ്യവസായ സംരംഭകർക്ക് ഓൺലൈനിലൂടെ അനുമതി നൽകാനായി കെ.എസ്.ഐ.ഡി.സി. ആരംഭിച്ച കെ-സ്വിഫ്റ്റ് എന്ന പോർട്ടലിലൂടെ ഇതിനകം എത്ര അപേക്ഷകർക്ക് അനുമതി നൽകിയെന്ന് വ്യക്തമാക്കുമോ; | (സി) | വ്യവസായ സംരംഭകർക്ക് ഓൺലൈനിലൂടെ അനുമതി നൽകാനായി സംസ്ഥാന സർക്കാർ ആരംഭിച്ച കെ-സ്വിഫ്റ്റ് പോർട്ടലിലൂടെ നാളിതുവരെ 61 അപേക്ഷകർക്ക് അനുമതി നൽകിയിട്ടുള്ളതായി നോഡൽ ഏജൻസിയായ കെ.എസ്.ഐ.ഡി.സി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | നിക്ഷേപാനുകൂലസാഹചര്യത്തിന്റെ കാര്യത്തിൽ സംസ്ഥാനത്തിന്റെ പിന്നോക്കാവസ്ഥ മാറാൻ എന്തൊക്കെ നടപടികൾ ഭാവിയിൽ കൈകൊള്ളും എന്ന് വ്യക്തമാക്കാമോ? | (ഡി) | കേരളത്തിലെ നിക്ഷേപാനുകൂല അന്തരീക്ഷം സൃഷ്ടിക്കാൻ ഈസ് ഓഫ് ഡൂയിങ്ങ് പദ്ധതിയുടെ കീഴിൽ സർക്കാർ നടപ്പിലാക്കിയ കേരള ഇൻവെസ്റ്റ്മെൻറ് പ്രൊമോഷൻ ആൻറ് ഫെസിലിറ്റേഷൻ നിയമം, ഏക ജാലക ഓൺലൈൻ സംവിധാനം തുടങ്ങിയ പദ്ധതികൾക്ക് സാധിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് വ്യവസായ അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തി സംരംഭകരെ ആകർഷിക്കാൻ കേരളത്തിലെ വിവിധ മേഖലകളിലുള്ള സംരംഭകരുടെ അഭ്യർത്ഥനകൾ പരിഗണിച്ച് സർക്കാർ നിർദ്ദേശപ്രകാരം വിവിധ പദ്ധതികൾ നടപ്പിലാക്കാനും സാധിക്കുന്നതാണ്. ഇതുകൂടാതെ സംസ്ഥാനത്ത് വിവിധ മേഖലകളിൽ മുതൽമുടക്കാനുള്ള പദ്ധതികൾ കണ്ടെത്തി സംരംഭകരെ കൊണ്ടുവരാനും കേരളത്തിൽ വ്യവസായം തുടങ്ങുന്നതിനുള്ള അനുകൂല ഘടകങ്ങളേയും പദ്ധതികളേയും കുറിച്ച് ഇന്ത്യയിലെ വിവിധ നഗരങ്ങളിൽ റോഡ് ഷോകളും ബിസിനസ്സ് മീറ്റുകളും നടത്തുവാനും ഉദ്ദേശിക്കുന്നു. വ്യവസായ നിക്ഷേപ സാധ്യതകൾ വർദ്ധിപ്പിക്കാനും അതുവഴി വ്യവസായ വളർച്ച ത്വരിതപ്പെടുത്താനും വേണ്ടിയുള്ള പ്രവർത്തനങ്ങൾക്കായി ഈ വർഷത്തെ ബഡ്ജറ്റിൽ 1000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**